പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2226 — 10.10.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി. കൊറിയർ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. കൊറിയർ പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും വിശദീകരിക്കുമോ ; | (ബി) | സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്സ് എന്നീ ബസ് സർവ്വീസുകളിലൂടെ നാഷണൽ ഹൈവേയിലുള്ള ബസ് സ്റ്റേഷനുകളിലും, പാലക്കാട് ബസ് സ്റ്റേഷനിലുമാണ് അദ്യഘട്ടത്തിൽ കൊറിയർ സർവ്വീസ് പരീക്ഷണാടിസ്ഥാനത്തിൽ ആറ് (6) മാസത്തേയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊറിയർ ഏജൻസി സ്വീകരിക്കുന്ന തപാൽ ഉരുപ്പടികൾ ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള ബസ് സ്റ്റേഷനുകളിൽ എത്തിക്കുന്നതാണ് പ്രവർത്തന രീതി. ഇതിനുവേണ്ടിയുള്ള ദർഘാസ് നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ കോർപ്പറേഷന് സ്വകാര്യസംരംഭകരുടെ സഹകരണം ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ ; | (സി) | കൊറിയർ സർവ്വീസ് നടപ്പിലാക്കുവാൻ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവർ ഉൾപ്പെടെയുള്ളവരുടെ |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ എന്തെല്ലാം ; | | സഹകരണം ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചത്. ദർഘാസ് നടപടിയിലൂടെ ഏറ്റവും ഉയർന്ന തുക ട്രാൻസ്പോർട്ടിംഗ് ചാർജ് ഇനത്തിൽ വാഗ്ദാനം നൽകുന്നവർക്കാണ് ലൈസൻസ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്. അടിസ്ഥാന ചാർജ് - 10 ഗ്രാമിന് രണ്ട് (2) രൂപ + സർവ്വീസ് ടാക്സ്. |
| (ഡി) | എങ്കിൽ ഇവരുടെ സഹകരണം എങ്ങനെ വിനിയോഗിക്കാമെന്നാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത് ? | (ഡി) | ദർഘാസ് നടപടിയിലൂടെ ലൈസൻസ് നേടുന്ന ഏജൻസികളുമായി കരാറിൽ ഏർപ്പെടുകയും ഇരുകൂട്ടർക്കും അനുയോജ്യമായ രീതിയിൽ കൊറിയർ സർവ്വീസ് പദ്ധതി നടപ്പിലാക്കുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്. കൊറിയർ ഏജൻസി രേഖാമൂലം ഏൽപ്പിക്കുന്ന തപാൽ ഉരുപ്പടികൾ മുൻ നിശ്ചയിച്ചിട്ടുള്ള സർവ്വീസ് ബസ്സിലെ കണ്ടക്ടറെ ഏൽപ്പിക്കുകയും, ടിയാൻ ലക്ഷ്യസ്ഥാനത്തിലെ ബസ് സ്റ്റേഷനിൽ തപാൽ ഉരുപ്പടികൾ എത്തിക്കുകയും ആയത് കൊറിയർ ഏജൻസി നിയമിച്ചിട്ടുള്ള വ്യക്തിയെ തിരികെ ഏൽപ്പിക്കുന്നതുമാണ് പദ്ധതി. |

സെക്ഷൻ ഓഫീസർ